ജീവിത രേഖ

പി.കെ ജമാൽ

### അഹ്മദുൽ ഖത്താൻ തലമുറകളുടെ രാജശിൽപി-2

# വെളിച്ചത്തിന്റെ രാജപാതയിൽ



അബൂബദ്ർ

**ഖുർആൻ പാരായണ മധ്യേ സയ്യിദ് ഖുത്വ്ബ് കുറിച്ചിട്ട വരികൾ വായിച്ച് അതിശയപ്പെട്ട് വികാരാധിതനായി ഹസൻ അയ്യൂബ് സുജൂദിൽ വീണു പ്രാർഥിച്ചു. "അല്ലാഹുവേ! ഈ മനുഷ്യൻ ഖുർആൻ ഗ്രഹിച്ചതു പോലെ ഗ്രഹിക്കാൻ എന്നെയും തുണക്കേണമേ!"**

**ശൈഖ്** അഹ്മദുൽ ഖത്താൻ തന്റെ പരിവർത്തനത്തിന്റെ കഥ പറഞ്ഞു: ഒരു നാൾ കടലോരത്ത് കാറ്റ് കൊണ്ടിരുന്നപ്പോൾ പുതിയ സുഹൃത്തുക്കളിൽ ഒരാൾ പറഞ്ഞു: "അഹ്മദ്! ഹസൻ അയ്യൂബ് എന്ന് പേരുള്ള ഒരു ഈജിപ്ഷ്യൻ പണ്ഡിതൻ കുവൈത്തിൽ വന്നതായി കേൾക്കുന്നു. അദ്ദേഹത്തിന്റെ ആർജവവും ധൈര്യവും പ്രസംഗചാതുരിയും ഒന്ന് വേറെതന്നെയാണെന്ന് ആളുകൾ പറയുന്നു. എവിടെയും സംസാരവിഷയം ആ ശൈഖിന്റെ പ്രസംഗമാണ്. ഞാനിന്ന് ആ പ്രസംഗം കേൾക്കാൻ പോവുന്നുണ്ട്. നിങ്ങൾ വരുന്നോ?" ഞങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിക്കാൻ പുറപ്പെട്ടു.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് ശൈഖ് പ്രസംഗം തുടങ്ങി. നിന്നുകൊണ്ടാണ് പ്രസംഗം; പ്രായമായിട്ടും കസേരയിൽ ഇരിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഈമാന്റെ അഗ്നിസ്ഫുലിംഗങ്ങളാണ് ആ വാക്കുകൾ. ഹൃദയത്തിൽ നിന്ന് ഉറഞ്ഞൊഴുകിയ വചനങ്ങൾ ഹൃദയങ്ങളിൽ പതിച്ചുകൊണ്ടിരുന്നു. പ്രഭാഷണം കേട്ടുകഴിഞ്ഞപ്പോൾ ഒരു പുതിയ ലോകത്ത് എത്തിയതായി തോന്നി. പുതിയവഴി കണ്ടെത്തുകയാണ്. ജീവിതത്തിൽ ലക്ഷ്യം തിരിച്ചറിയുകയാണ്. എന്തിനാണ് ഞാൻ സൃഷ്ടിക്കപ്പെട്ടത്, എന്ത് ദൗത്യമാണ് എനിക്ക് നിറവേറ്റാനുള്ളത്, എന്റെ പരിണതി എന്താണ്? വർഷങ്ങളായി എന്നെ അലട്ടിക്കൊണ്ടിരുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടി കിട്ടിയ പ്രതീതി. ഞാനൊരു പുതിയ മനുഷ്യനായതുപോലെ. ഒരു പുതിയ ലോകം കീഴടക്കിയതുപോലെ. പുതിയ പ്രകാശകിരണങ്ങളുടെ തിരയിളക്കം ഉള്ളിന്റെയുള്ളിൽ. മുന്നോട്ടു ചെന്ന് സലാം ചൊല്ലി ശൈഖിനെ ഞാൻ കെട്ടിപ്പുണർന്നു. ഒരു രക്ഷകന്റെ ആശ്ലേഷത്തിൽ അമരുന്ന പോലെ. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ശബ്ദം ഇടറി. ഹൃദയം നിറയെ വെളിച്ചം. തമോഗർത്തത്തിൽനിന്ന് രക്ഷപ്പെടുത്തിയ ആ കൈകളിൽ ഞാൻ മുറുകെപ്പിടിച്ചു.

എന്നെ കൂട്ടിക്കൊണ്ടുപോയ സുഹൃത്ത് ചോദിച്ചു: "ശൈഖിന്റെ പ്രസംഗത്തെക്കുറിച്ച് എന്താണഭിപ്രായം?" ഞാൻ പറഞ്ഞു: "എന്റെ പ്രതികരണം അൽപ ദിവസം കഴിഞ്ഞ് നിങ്ങൾ കാണാൻ പോകുന്നു." അന്നു രാത്രി തന്നെ നേരെ പോയത് കുവൈത്ത് സൂഖിലെ ലൈബ്രറിയിലേക്കാണ്. ശൈഖ് ഹസൻ അയ്യൂബിന്റേതായി അന്ന് മാർക്കറ്റിൽ ലഭ്യമായ എല്ലാ പ്രഭാഷണ കാസറ്റുകളും വാങ്ങിക്കൊണ്ടുവന്ന് വീട്ടിലിരുന്ന് പുലരും വരെ ഒന്നൊന്നായി കേട്ടു. ഉമ്മ പ്രാതൽ കൊണ്ടുവന്നു. വേണ്ടെന്ന് പറഞ്ഞ് ഞാൻ തിരിച്ചയച്ചു. ഉച്ചഭക്ഷണം കൊണ്ടുവന്നു. ഞാൻ ആ കാസറ്റുകളോരോന്നും കേട്ട് പൊട്ടി കരഞ്ഞു. എനിക്ക് ഒരു പുതുജന്മം കൈവന്നിരിക്കുന്നു. ഞാൻ ഒരു പുതിയ പ്രപഞ്ചത്തിലേക്ക് കടന്നിരിക്കുന്നു. ഞാൻ റസൂലിനെ സ്നേഹിച്ചുതുടങ്ങി. റസൂലിന്റെ ജീവിതം ഞാൻ ഹൃദയത്തിലേറ്റി. എന്റെ ഓരോ പരമാണുവിലും പ്രവാചകനോടുള്ള സ്നേഹം നിറഞ്ഞുനിന്നു. ആ സൃഷ്ടിശ്രേഷ്ഠന്റെ മഹിത ജീവിത

ചരിത്രം വിശദാംശങ്ങളോടെ ഞാൻ പഠിച്ചു. എന്റെ മാതൃകാ പുരുഷൻ അതാ ദീപസ്തംഭമായി എന്റെ മുന്നിൽ. ഞാൻ തീർത്തും ഒരു പുതിയ മനുഷ്യനായി. ഞാൻ ഖുർആൻ പാരായണം ചെയ്തു തുടങ്ങി. അതിലെ ഓരോ സൂക്തവും എന്നോട് സംവദിക്കുന്നതായി അനുഭവപ്പെട്ടു. അല്ലാഹു എന്നോട് നേരിട്ട് സംസാരിക്കുന്നതായി തോന്നി. ഇപ്പോൾ ഞാൻ വെളിച്ചത്തിന്റെ രാജപാതയിലാണ്. പിഴച്ചവരും പിഴപ്പിക്കുന്നവരുമായ പഴയ സഖാക്കളെ ഞാൻ ചെന്നു കണ്ടു. ഓരോരുത്തരെയും സ്വകാര്യമായി സന്ദർശിച്ച് ഞാൻ പ്രവേശിച്ചുകഴിഞ്ഞ ഈ പാതയിലേക്ക് ക്ഷണിച്ചു. ഒന്നു രണ്ടു പേർ എന്റെ വിളിക്കുത്തരമേകി.

പിന്നീടൊരിക്കൽ പഴയ സെൽമേധാവി സഖാവിനെ കണ്ടപ്പോൾ ചോദിച്ചു: "നിങ്ങൾ അല്ലാഹുവിന്റെ ആസ്തിക്യം അംഗീകരിക്കുന്നുണ്ടോ? ഞാൻ കണ്ടെത്തിയ വഴിയിലേക്ക് വരാൻ തയാറുണ്ടോ?" വളച്ചുകെട്ടും കരുതി വെപ്പുമില്ലാതെയായിരുന്നു എന്റെ ചോദ്യം. വിളർത്ത ചിരിയോടെ അദ്ദേഹം പറഞ്ഞു: "ഉസ്താദ് അഹ്മദ്! എനിക്ക് നിങ്ങളോട് അസൂയയുണ്ട്. നിങ്ങൾ നിങ്ങളുടെ വഴി കണ്ടെത്തിയിരിക്കുന്നു."

*ശൈഖ് ഹസൻ അയ്യൂബിനെക്കുറിച്ച് പറയുമ്പോൾ അങ്ങ് വാചാലനാകുന്നു?*

സ്വാഭാവികം. ആയിരം നാവുകൊണ്ട് പറഞ്ഞാലും തീരാത്ത ഗുണവിശേഷങ്ങൾ മേളിച്ച അത്ഭുത വ്യക്തിത്വമായിരുന്നു ശൈഖ് ഹസൻ അയ്യൂബ്. എന്റെ ജീവിതത്തെയും ചിന്തകളെയും അഗാധമായി സ്വാധീനിച്ച അദ്ദേഹം കേവലം പണ്ഡിതനായിരുന്നില്ല. ഗ്രന്ഥപുരകളിൽ അടയിരുന്ന് 'മസ്അലക'ളുടെ കുരുക്കഴിക്കുന്നത് ജീവിതവ്രതമാക്കിയ പണ്ഡിതന്മാരുടെ ഗണത്തിൽ പെടുത്തേണ്ട വ്യക്തിയായിരുന്നില്ല അദ്ദേഹം. അറിവുമായി ജനമധ്യത്തിലിറങ്ങി പ്രബോധനം നടത്തിയും പഠിപ്പിച്ചും ക്ലാസ്സുകളെടുത്തും ഗ്രന്ഥങ്ങൾ രചിച്ചും പ്രഭാഷണം നടത്തിയും അല്ലാഹുവിന് സമർപ്പിച്ച ജീവിതമായിരുന്നു. പള്ളിയിൽ വഖ്ഫ് ചെയ്ത മുസ്ഹഫു പോലെ ആർക്കും എപ്പോഴും എടുത്ത് ഉപയോഗിക്കാവുന്ന അല്ലാഹുവിന്റെ എളിയ ദാസൻ. വ്യത്യസ്ത വിഷയങ്ങളെ കുറിച്ച് ആയിരത്തിൽ പരം കാസറ്റുകളുണ്ട് അദ്ദേഹത്തിന്റേതായി.

വർഷങ്ങളോളം കുവൈത്തിൽ ജീവിച്ച ശൈഖ് ഹസൻ അയ്യൂബാണ് അറബ് ലോകത്ത് പുകൾപെറ്റ ചാരിറ്റി സൊസൈറ്റികളിൽ ഒന്നായ കുവൈത്തിലെ ലജ്നത്ത് സകാത്ത് അൽ ഉസ്മാൻ സ്ഥാപിച്ചത്. കുവൈത്തിൽനിന്ന് സുഊദിയിലേക്ക് പോയ അദ്ദേഹം അവിടെ ഇരുപത് വർഷം കഴിച്ചുകൂട്ടി. അവിടെ യൂനിവേഴ്സിറ്റി അധ്യാപകനായും പരിഷ്കരണ പ്രവർത്തകനായും പ്രബോധകനായും കഴിഞ്ഞു. പിന്നെ ഈജിപ്തിലെ മനൂഫിയയിൽ സ്ഥിരതാമസമാക്കി. ഇസ്ലാമിക വിജ്ഞാനീയങ്ങളെ ലളിതമായി ജനസമക്ഷം സമർപ്പിക്കുന്ന ബൃഹദ് പദ്ധതിയിൽ മുഴുകി. വിശ്വാസപ്രമാണങ്ങൾ, കർമശാസ്ത്രം, ആരാധന, വ്യവഹാരം, സ്വഭാവചര്യകൾ തുടങ്ങിയ വിഷയങ്ങളിൽ 50 ഭാഗങ്ങൾ ഇതേവരെ ഇറങ്ങി. ഇബാദത്തിന്റെ കർമശാസ്ത്രം, അനശ്വരതയിലേക്കുള്ള യാത്ര, ഇസ്ലാമിലെ സാമൂഹിക പെരുമാറ്റ സംസ്കൃതി എന്നിവ എടുത്തു പറയേണ്ട ഗ്രന്ഥങ്ങളാണ്. ഇഖ്വാനുൽ മുസ്ലിമൂൻ നേതൃവൃന്ദത്തിൽ പ്രധാനിയായ അദ്ദേഹം ഇരുപത് വർഷം ഈജിപ്ഷ്യൻ ജയിലുകളിലാണ് കഴിച്ചുകൂട്ടിയത്. ഖുർആൻ പാരായണ മധ്യേ സയ്യിദ് ഖുത്വ്ബ് കുറിച്ചിട്ട വരികൾ വായിച്ച് അതിശയപ്പെട്ട് വികാരാധിതനായി ഹസൻ അയ്യൂബ് സുജൂദിൽ വീണു പ്രാർഥിച്ചു. "അല്ലാഹുവേ! ഈ മനുഷ്യൻ ഖുർആൻ ഗ്രഹിച്ചതു പോലെ ഗ്രഹിക്കാൻ എന്നെയും തുണക്കേണമേ!" ഈ വർഷം ജൂലൈ 16 ന് തൊണ്ണൂറാമത്തെ വയസ്സിൽ ശൈഖ് ഹസൻ അയ്യൂബ് അന്തരിച്ചു.

എന്റെ ജീവിതത്തെ സ്വർഗപാതയിലേക്ക് തിരിച്ചുവിട്ട മഹാനുഭാവനാണ് ശൈഖ് ഹസൻ അയ്യൂബ്. എന്റെ വഴികാട്ടിയാണ് അദ്ദേഹം. അദ്ദേഹമാണ് എന്റെ ഗുരുവര്യൻ. ആർക്കും മനസ്സിലാവുന്ന ലളിതരൂപത്തിൽ ഇസ്ലാമിനെ പ്രബോധനം ചെയ്യേണ്ടതെങ്ങനെയെന്ന് ശൈഖ് എന്നെ അഭ്യസിപ്പിച്ചു. വഹ്യിന്റെയും രിസാലത്തിന്റെയും മഹിമയിലൂന്നിയ പ്രബോധനത്തിന്റെ ആശയഗരിമ ശൈഖിന്റെ ആവിഷ്കാരശൈലിയിൽ വേറിട്ടുനിന്നു. ഉദാരമതിയായ ശൈഖ് ഹസൻ ചോദ്യകർത്താവിനെയോ വിദ്യാർഥിയെയോ തിരിച്ചയക്കില്ല. ഹൃദയവിശാലതയോടെ ഏത് ദേശക്കാരെയും രാജ്യക്കാരെയും സ്വീകരിച്ചിരുത്തും. ശൈഖിനോടുള്ള എന്റെ കടപ്പാടും കൂറും നിമിത്തമാണ് അദ്ദേഹം ജീവിച്ചിരിക്കെ ഞാൻ അദ്ദേഹത്തിനു വേണ്ടി ഹജ്ജ് ചെയ്തത്.



*അഹ്മദ് ദീദാത്ത്*

ജമാൽ അബ്ദുന്നാസിറിന്റെ ജയിലറകളിൽ, ശംസ്ബദ്റാനെ പോലുള്ള കിരാതരുടെ കൈകളാൽ പീഡനങ്ങൾക്കിരയായ ശൈഖ് എല്ലാം ക്ഷമിച്ചു. ജയിലിൽനിന്ന് പുറത്തിറങ്ങി പൂർവാധികം കരുത്തോടെ പ്രബോധനരംഗത്ത് തിരിച്ചുവന്നു. ജീവന്റെ സ്പന്ദനം നിലനിൽക്കുന്നേടത്തോളം പ്രബോധന പ്രവർത്തനങ്ങൾ കൈയൊഴിക്കരുതെന്നാണ് ശൈഖ് എന്നെ ഉപദേശിച്ചിട്ടുള്ളത്. മത്സ്യത്തിന് ജീവിക്കാൻ വെള്ളമെന്നതുപോലെയാണ് പ്രബോധകന് കർമമണ്ഡലം. കരക്ക് പിടിച്ചിട്ടാൽ മത്സ്യം ചാവും. പ്രബോധന പ്രവർത്തനമില്ലാത്ത മുസ്ലിം ജീവഛവമാണ്.

ഞാൻ കാലത്ത് വീട് വിട്ടിറങ്ങും. റേഡിയോ സ്റ്റേഷനിൽ പ്രഭാഷണ പരമ്പര റിക്കാർഡ് ചെയ്യണം. കുവൈത്ത് ടി.വിയിൽ പ്രസംഗം സംപ്രേഷണം നടത്തണം. പത്രങ്ങളിൽ കോളമെഴുതണം. ക്ലാസ്സുകളും ഖുത്വ്ബകളും പ്രഭാഷണങ്ങളും നടത്തണം. ഫോണിൽ കിട്ടുന്നതും അല്ലാത്തതുമായ ചോദ്യങ്ങൾക്ക് മറുപടി നൽകണം. അങ്ങനെ ഓരോ ദിവസവും ഫലപ്രദമായി ചെലവിടുമ്പോൾ ജീവിതം കർമഭരിതവും ധന്യവുമാക്കിയ അല്ലാഹുവിന് നന്ദി പറയും.

*ശൈഖുമായുള്ള സഹവാസത്തിനിടയിൽ ഓർമയിൽനിന്ന് മായാത്ത ചില രേഖാ ചിത്രങ്ങൾ?*

വിവിധ വിജ്ഞാനശാഖകളിൽ അഗാധമായ അറിവുണ്ടായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം ഖുർആൻ പഠിക്കുന്നതും ഹൃദിസ്ഥമാക്കുന്നതും വേറിട്ട രീതിയിലാണ്. മുസ്ഹഫ് മനഃപാഠമാക്കുന്ന പരമ്പരാഗത രീതിയല്ല അദ്ദേഹത്തിന്റേത്. വിഷയാധിഷ്ഠിതമായാണ്

സൂക്തങ്ങൾ ഹൃദിസ്ഥമാക്കുക. ഖുർആൻ സൂക്തങ്ങൾ മനഃപാഠമാക്കുന്നതിന് ഞാനും ഈ രീതിയാണ് കൈകൊണ്ടിട്ടുള്ളത്. പ്രബോധകന് വളരെ പ്രയോജനപ്പെടും ഈ രീതി. വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ തെളിവായി ഖുർആൻ സൂക്തങ്ങൾ ഒന്നിനു പിറകെ ഒന്നായി ഒഴുകി വരുന്നത് ശ്രോതാക്കളെ പിടിച്ചിരുത്തും. നിങ്ങളുടെ മുന്നിലിരിക്കുന്ന ശ്രോതാക്കൾ നിങ്ങളുടെ വായിൽനിന്ന് പുറത്തുവരുന്ന ആദ്യാക്ഷരം മുതൽ അവസാന അക്ഷരം വരെ സശ്രദ്ധം ചെവിയോർത്തിരിക്കുന്നവരാണ്. ശ്രോതാവിന്റെ ഹൃദയ വികാരങ്ങൾക്കൊപ്പം നിൽക്കുകയും അവരുടെ വിചാരങ്ങൾക്കും ചിന്തകൾക്കും വചനരൂപം നൽകുകയുമാണ് പ്രാസംഗികൻ. പ്രസംഗകനും ശ്രോതാവും തമ്മിൽ ചിന്തയുടെയും വികാരങ്ങളുടെയും ഏകീഭാവമാണ് വേണ്ടത്. ശ്രോതാവിന് തോന്നണം തന്റെ നാവാണ് സദസ്സിനോട് സംസാരിക്കുന്ന പ്രാസംഗികൻ എന്ന്.

ശൈഖ് ഹസൻ അയ്യൂബിന്റെ അതേ കാലയളവിലാണ് ഈജിപ്തിൽ ശൈഖ് അബ്ദുൽ ഹമീദ് കശകിന്റെ പ്രസംഗങ്ങൾ ജനലക്ഷങ്ങളെ ആകർഷിച്ചുകൊണ്ടിരുന്നത്. കശകിന്റെ പ്രസംഗ കാസറ്റുകളെല്ലാം വാങ്ങി മനഃപാഠമാക്കിത്തുടങ്ങി ഞാൻ. അങ്ങനെ എന്റെ പ്രസംഗശൈലി ശൈഖ് ഹസൻ അയ്യൂബിന്റെയും അബ്ദുൽഹമീദ് കശകിന്റെയും മിശ്രിതമായി. പ്രസംഗകലയിൽ പൂർണത കൈവരിക്കുന്നത് നിരന്തര സാധനയിലൂടെയാണ്. പരന്ന വായനയും അഗാധചിന്തയും വേണം. ആനുകാലിക സംഭവങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ വേണം. ഭാഷാശുദ്ധിയും അക്ഷരസ്ഫുടതയും പ്രഭാഷണകലയിൽ വിജയിക്കാൻ അത്യന്താപേക്ഷിതമാണ്.

കുവൈത്തിൽ ഇപ്പോൾ പ്രമുഖനായ പല പ്രസംഗകരും ഞാൻ പരിശീലിപ്പിച്ചു വളർത്തിയവരാണ്. ശൈഖ് യൂസുഫ് സനദ്, മുഹമ്മദുൽ അവളി, നബലുൽ അവളി തുടങ്ങിയവരൊക്കെ അവരിൽ ചിലർ മാത്രം. പലരും എന്റെ പ്രസംഗ കാസറ്റുകൾ കേട്ട് എന്റെ ശൈലി അനുകരിച്ച് പഠിച്ചവരാണ്. ഗൾഫ്-ഇസ്‌ലാമിക രാജ്യങ്ങളിലെ പല പ്രബോധകന്മാരും പ്രസംഗകരും എന്റെ കാസറ്റുകൾ താൽപര്യപൂർവം കേൾക്കുന്നവരാണ്. സുഊദി അറേബ്യയിൽ ശൈഖ് ആയിളുൽ ഖുറനി, ശൈഖ് അബ്ദുൽ വഹബ് അൽതരീരി, ശൈഖ് സഅദ്ബരിക്, ഹറമിലെ ശൈഖ് സഊദ് ശുറൈം എന്നിവർ പ്രസംഗകല അഭ്യസിച്ചത് എന്റെ കാസറ്റുകൾ കേട്ടാണെന്ന് ഒരു സദസ്സിൽ നേരിട്ട് പറഞ്ഞപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു.

ഇറാഖി അധിനിവേശകാലത്ത് ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി അൾജീരിയൻ മുൻ പ്രസിഡന്റ് ബിനൻജദിദിനെയും അദ്ദേഹത്തിന്റെ

> **നിങ്ങളുടെ മുന്നിലിരിക്കുന്ന ശ്രോതാക്കൾ നിങ്ങളുടെ വായിൽനിന്ന് പുറത്തുവരുന്ന ആദ്യാക്ഷരം മുതൽ അവസാന അക്ഷരം വരെ സശ്രദ്ധം ചെവിയോർത്തിരിക്കുന്നവരാണ്. ശ്രോതാവിന്റെ ഹൃദയ വികാരങ്ങൾക്കൊപ്പം നിൽക്കുകയും അവരുടെ വിചാരങ്ങൾക്കും ചിന്തകൾക്കും വചനരൂപം നൽകുകയുമാണ് പ്രസംഗകൻ. പ്രസംഗകനും ശ്രോതാവും തമ്മിൽ ചിന്തയുടെയും വികാരങ്ങളുടെയും ഏകീഭാവമാണ് വേണ്ടത്.**

ഡെപ്യൂട്ടി ഹംറൂശിനെയും സന്ദർശിക്കാൻ ചെന്നതാണ്. അവരുടെ വീടുകളിൽ എന്റെ പ്രസംഗകാസറ്റുകളുടെ ശേഖരം കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അവരുടെ കുടുംബാംഗങ്ങൾ വഴി ഇവ വൻതോതിൽ പ്രചരിപ്പിക്കുന്നതായി അവർ എന്നോട് പറഞ്ഞു. ഭൂമിയിൽ കാലൂന്നി നിൽക്കുന്ന മനുഷ്യൻ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളിലേക്കും വിഷയങ്ങളിലേക്കും എന്റെ പ്രസംഗം കടന്നുചെല്ലും. സംഘടനാ സങ്കുചിതത്വമോ പക്ഷപാതിത്വമോ ഇല്ലാതെ ഇസ്‌ലാമിന്റെ ആദിമവിശുദ്ധിയോടെ വിഷയങ്ങളെ സമീപിക്കും. കല, സാഹിത്യം, കവിത, സാമൂഹിക വിഷയങ്ങൾ, സ്വഭാവം, സംസ്കാരം, നർമം, വിനോദം, നിയമം, ഭരണം അങ്ങനെ എല്ലാ മേഖലകളെയും സ്പർശിക്കും. ജനങ്ങളെ ദീനുമായി അടുപ്പിക്കാനുതകുന്ന ലളിത ശൈലിയും ശീലവും ശൈഖ് ഹസൻ അയ്യൂബിന്റെ പാഠശാലയിൽനിന്ന് പഠിച്ചതാണ്.

അനങ്ങാനാവാതെ വീൽ ചെയറിൽ നിരങ്ങിനീങ്ങുന്ന ദാരുണാവസ്ഥയിലും പ്രബോധനവികാരം അദ്ദേഹം കൈയൊഴിച്ചില്ല. അന്ത്യശ്വാസം വരെ അത് തുടർന്നു. അതുപോലെയായിരുന്നു ശൈഖ് അഹ്മദ് ദീദാത്തും. സംസാരശക്തിയും ശരീരത്തിന്റെ ചലനശേഷിയും പൂർണമായി നഷ്ടപ്പെട്ട് ശയ്യാവലംബിയായ അദ്ദേഹത്തിന്റെ പുരികക്കൊടികളല്ലാതെ അനങ്ങുമായിരുന്നില്ല. അദ്ദേഹത്തിന്റെ ആശയസംവേദനം പുരികക്കൊടികൾ അനക്കിയായിരുന്നു. അങ്ങനെ അദ്ദേഹം പ്രബോധനകൃത്യം നിർവഹിച്ചു. പുരികക്കൊടി ചലനങ്ങളുടെ അർഥം ഗ്രഹിച്ച് സന്ദർശകരോട് സംസാരിക്കാൻ ആംഗ്യഭാഷയിൽ വിദഗ്ധയായ ഒരു സ്ത്രീ അദ്ദേഹത്തിന് പരിചാരികയായി ഉണ്ടായിരുന്നു. അഹ്മദ് ദീദാത്തിനെ വിവരവിന്യാസത്തിന് പുരികക്കൊടികളുടെ ചലനഭാഷ പഠിപ്പിച്ചതാരാണ്? സകരിയ്യാ നബിയെ ആ ഭാഷ പഠിപ്പിച്ച അല്ലാഹു. നബി(സ) പറഞ്ഞു: 'ആവശ്യമനുസരിച്ചാണ് സഹായം. പരീക്ഷണത്തിന്റെ തോതനുസരിച്ചാണ് സഹനം."

*കുവൈത്തിലെ ഭരണാധികാരികളുമായി ബന്ധം?*

ഊഷ്മള സ്നേഹത്തിൽ അധിഷ്ഠിതം. കുവൈത്തിലെ മുൻ അമീർ ശൈഖ് ജാബിറുൽ അഹ്മദുമായി ഞാൻ അടുത്തിടപഴകിയത് അധിനിവേശകാലത്ത് സുഊദിയിലെ ത്വാഇഫിൽ വെച്ചാണ്. കുറേ ദിവസം ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. നിലത്തിരുന്നായിരുന്നു ഞങ്ങൾ ഭക്ഷണം കഴിച്ചത്. എന്നെ അദ്ദേഹം തന്റെ വലതു വശത്ത് പിടിച്ചിരുത്തും. ഞങ്ങൾ ഇരുവരും ഒരേ പാത്രത്തിൽനിന്നാണ് കഴിക്കുക. കുവൈത്ത് വീണ്ടെടുക്കുന്നതുവരെ തനിക്ക് വിശ്രമമില്ലെന്നുറച്ച് തീരുമാനിച്ച ആ ഭരണാധികാരി, രാത്രി ഉറക്കമിളച്ചു നമസ്കരിക്കുന്നതിനും അല്ലാഹുവിനോട് കരഞ്ഞ് സങ്കടങ്ങൾ ഉണർത്തിക്കുന്നതിനും ഞാൻ സാക്ഷിയായിട്ടുണ്ട്. വിനയമായിരുന്നു ആ സ്വഭാവത്തിന്റെ മുഖമുദ്ര. ഒരു ദിവസം എന്നോട് പറഞ്ഞു: "അഹ്മദ്! കുവൈത്ത് വിഷയം ലോകജനശ്രദ്ധയിൽ കൊണ്ടുവരാനുള്ള യത്നത്തിലാണല്ലോ നാം. ജിദ്ദ കോൺഫറൻസിൽ നിങ്ങൾ എന്റെ കൂടെ വേണം. അൾജീരിയയിലേക്കുള്ള ഔദ്യോഗിക പ്രതിനിധി സംഘത്തിൽ താങ്കളും ഒരംഗമാണ്. ഫലസ്ത്വീൻ മോചനവും കുവൈത്ത് മോചനവും ഒരു ആവശ്യമായി ഉന്നയിക്കണം. രണ്ടും നമുക്ക് വേർപെടുത്തിക്കാണാനാവില്ല." ഞങ്ങൾ അൾജീരിയയിൽ പോയി. കാപിറ്റൽ സ്റ്റേഡിയത്തിൽ ഒന്നര

ലക്ഷം വരുന്ന ബഹുജനറാലിയെ ഞാൻ അഭിസംബോധന ചെയ്തു. എന്റെ പ്രസംഗത്തിലെ ഓരോ വാചകവും തീരുമ്പോൾ തക്ബീർ ധ്വനികൾ മുഴക്കി ആവേശം പ്രകടിപ്പിച്ച അൾജീരിയൻ അനുഭവം എന്റെ മധുരമുള്ള ഓർമകളിൽ ഒന്നാണ്.

*അബ്ദുല്ലാ അലി അൽ മുത്വവ്വ (അബൂബദ്ർ)യുമായുള്ള അങ്ങയുടെ ബന്ധത്തെക്കുറിച്ച് പലതും വായിച്ചിട്ടുണ്ട്, കേട്ടറഞ്ഞിട്ടുണ്ട്.*

ഞങ്ങൾ ഒരേ പ്രസ്ഥാനത്തിലെ സഹയാത്രകരായിരുന്നു. അദ്ദേഹം പ്രസിഡന്റായിരുന്ന ജംഇയ്യത്തുൽ ഇസ്‌ലാഹിൽ ഇജ്തിമാഇൽ സജീവാംഗമാണ് ഞാൻ. ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രസ്ഥാനത്തിന്റെ അന്താരാഷ്ട്ര ഘടനയിൽ അദ്ദേഹത്തോടൊപ്പം ഞാനുമുണ്ട്. ഞങ്ങൾ തമ്മിൽ ഫോണിലെങ്കിലും ബന്ധപ്പെടാത്ത ദിവസങ്ങളില്ല. എല്ലാ രഹസ്യങ്ങളും പങ്കുവെക്കുന്ന പ്രിയപ്പെട്ട കൂട്ടുകാരൻ കൂടിയായിരുന്നു അദ്ദേഹത്തിന് ഞാൻ. ഉസ്മാനുബ്നു അഫ്ഫാന്റെയും അബ്ദുർറഹ്മാനുബ്നു ഔഫിന്റെയും കുലീനവും ആഭിജാത്യവുമായ പാരമ്പര്യത്തിൽ ജീവിച്ച കുവൈത്തിലെ ഏറ്റവും വലിയ ധനാഢ്യരിൽ മുൻനിരയിൽ നിന്ന അദ്ദേഹവുമായി ഒന്നിച്ചു ജീവിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ ഏതെന്നു വെച്ച് പറയാനാണ്? ഒരിക്കൽ സുഊദിയിലെ അബ്ഹയിൽ (അവിടെ അബൂബദ്റിന് വസതിയുണ്ട്) പോകുമ്പോൾ എന്നെയും കൂടെ കൂട്ടി. രണ്ടാഴ്ച ഞങ്ങൾ അവിടെ ചെലവിട്ടു. കൊച്ചു കുഞ്ഞുങ്ങളെ പോലെ ഓരോ കാര്യവും ചോദിച്ചറിയും. ഒരു ദിവസം ഞങ്ങൾ സായാഹ്ന സവാരിക്കിറങ്ങിയതാണ്. തെരുവ് കച്ചവടക്കാരനോട് ഒരു സാധനത്തിന്റെ വില അബൂബദ്ർ തിരക്കി. അയാൾ അഞ്ച് സുഊദി രിയാൽ വില പറഞ്ഞു. അബൂബദ്ർ വിലപേശി. നാല് രിയാലിന് തന്നാൽ വാങ്ങാമെന്നായി. കൊടുത്തില്ല. അടുത്തുള്ള മറ്റൊരു കച്ചവടക്കാരനോട് വിലപേശി അതേ സാധനം അബൂബദ്ർ നാല് രിയാലിന് വാങ്ങി. താമസസ്ഥലത്ത് തിരിച്ചെത്തിയ ഞാൻ അബൂബദ്റിനോട് ചോദിച്ചു: "ഒരു രിയാലിന് വേണ്ടി അങ്ങ് ഇങ്ങനെ വില പേശിയത് ശരിയായോ? അബ്ഹ പട്ടണം മുഴുവൻ വിലയ്ക്ക് വാങ്ങാനുള്ള ധനശേഷി അല്ലാഹു അങ്ങക്ക് തന്നിട്ടുണ്ടല്ലോ" അബൂബദ്റിന്റെ മറുപടി ഉടൻ വന്നു: "ശൈഖ് അഹ്മദ്. അതാണ് കച്ചവടം. കച്ചവടത്തിലെ ധർമശാസ്ത്രം. അത് എന്നെ പോലുള്ള കച്ചവടക്കാർക്കേ തിരിയൂ. നിങ്ങളെ പോലുള്ള പണ്ഡിതന്മാർക്ക് തിരിയില്ല. ഇമാം അബൂഹനീഫക്ക് അതറിയാമായിരുന്നു." ആ മറുപടിയിൽ നർമവും വിജ്ഞാനവും ഓളം വെട്ടിയത് ഞാൻ കണ്ടു.



*ഹസൻ അയ്യൂബ്*

അന്ന് രാത്രി മറ്റൊരു അനുഭവമുണ്ടായി. ഒരു രിയാലിന് അബ്ഹാ തെരുവിൽ വില പേശിയ അബൂബദ്ർ രാവേറെ ചെന്നപ്പോൾ എന്നെ വിളിച്ചുണർത്തി. "വളരെ ഗൗരവപ്പെട്ട ഒരു വസ്വിയ്യത്തിന് അങ്ങയെ സാക്ഷിയാക്കാനാണ്. വുദൂ എടുത്ത് വരൂ." ഞാൻ ഉടൻ വന്നു. അബൂബദ്ർ എന്നോട് വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: "കുവൈത്തിൽ ലൈത്താനിൽ ഏഴു കെട്ടിടങ്ങൾ ഞാൻ അല്ലാഹുവിന് വേണ്ടി വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുന്നു. ഖിയാമത്ത് നാൾ വരെ അത് ദരിദ്രർക്കും സാധുക്കൾക്കും പ്രയോജനപ്പെടണം. അതിന് താങ്കളെ സാക്ഷിയാക്കി വസ്വിയ്യത്ത് ചെയ്യാനാണ് ഇപ്പോൾ വിളിച്ചുണർത്തിയത്." ഞാനാലോചിച്ചു. ഒരു രിയാലിന് വില പേശിയ മനുഷ്യൻ തന്റെ കോടിക്കണക്കിന് ദിനാർ വില മതിക്കുന്ന വളരെ ആദായം ലഭിക്കുന്ന കെട്ടിടങ്ങൾ വഖ്ഫ് ചെയ്ത മഹാത്ഭുതത്തെ എന്ത് പേരിട്ടാണ് വിളിക്കേണ്ടത്.

*കുടുംബത്തെക്കുറിച്ച് ഞാനൊന്നും ചോദിച്ചില്ല?*

അഞ്ച് പെൺമക്കൾ. ജിനാൻ, ഹനാൻ, അറൂബ്, ബനാൻ, ഈമാൻ. അഞ്ചും വിവാഹിതകൾ. എഞ്ചിനീയർ അലി അൽ ബൻഹാൻ, പബ്ലിക് പ്രോസിക്യൂട്ടർ വലീദ് ഖാലിദ് അൽ മദ്കൂർ, പ്രഫ. ബദ്ർ ഇദ്‌രീസ് തുടങ്ങിയവർ മരുമക്കൾ. മകൻ അബ്ദുല്ല. ഭാര്യ: നൂറാ അഹ്മദുൽ ഹിജ്ജി. സുഊദി വംശജ.

* * *

ഇന്റർവ്യൂവിന്റെ ഒടുവിലെ ഘട്ടം കഴിഞ്ഞ് പോരുമ്പോൾ സ്നേഹപൂർവം പുണർന്ന് പ്രത്യേകം പ്രാർഥിച്ചു: *ശകറല്ലാഹു സഅ്‌യക്* (നിന്റെ പരിശ്രമം അല്ലാഹു നന്ദിപൂർവം സ്വീകരിക്കട്ടെ), *ബാറകല്ലാഹു ജുഹൂദക്* (നിന്റെ പരിശ്രമങ്ങളെ അല്ലാഹു ആശിർവദിക്കട്ടെ), *അയ്നുല്ലാഹി യർആക്* (അല്ലാഹുവിന്റെ തിരുനോട്ടം നിന്നെ കടാക്ഷിക്കട്ടെ).

റമദാനിലെ അവസാന വെള്ളിയാഴ്ച ജുമുഅ കഴിഞ്ഞ് മിഹ്റാബിൽ ഇരുന്ന് നടത്തിയ ആ പ്രാർഥനയിൽ കവിഞ്ഞെന്തുവേണം ജീവിതം ധന്യമാവാൻ! ■

(അവസാനിച്ചു)